DESPATCHED
On 22/12/21..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 348(7)/2015/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 3931/SIC-G6/2015)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോർജ്ജ് കെ.കെ,
ലവ്ഷോർ,
പെരുംപറമ്പ്, ഇരിട്ടി,
കണ്ണൂർ - 670 703.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പായം വില്ലേജ് ഓഫീസ്,
ഇരിട്ടി താലൂക്ക്, ഇരിട്ടി, കണ്ണൂർ - 670 703.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 01/11/2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/12/2014 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 09/03/2015 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 12/03/2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/03/2015 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/04/2015 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 16/11/2021 ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോർജ്ജ്. കെ.കെ, 09.03.2015 തീയതി സമർപ്പിച്ച പരാതി ഹർജി 12.03.2015 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 348 (7)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൻമേൽ ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 09/11/2014 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകളാണ്:

1. ഭൂനികുതി തടസ്സപ്പെടുത്തിക്കൊണ്ട് വില്ലേജ് രജിസ്റ്റർ അക്കൗണ്ട് ബുക്ക്/നാൾവഴി എന്നിവയുടെ പകർപ്പും
2. നികുതി തടസ്സപ്പെടുന്നതിന് കാരണമായി വില്ലേജിലേക്ക് ലഭിച്ച പരാതിയുടെ പകർപ്പും
3. നികുതി തടസ്സപ്പെടുത്താൻ കാരണമായി മറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭിച്ച നിർദ്ദേശം, പരാതിയുടെ പകർപ്പും മറ്റുമാണ്.

മേൽപ്പടി അപേക്ഷയിൻമേൽ 05/12/2014-ന് നൽകിയ മറുപടിയിൽ പറഞ്ഞിട്ടുള്ളത് ക്രമ നമ്പർ (1)-ന് തടസ്സപ്പെടുത്തിയതായി രേഖപ്പെടുത്തിക്കാണുന്നില്ല. ക്രമ നമ്പർ (2), (3) ഇല്ല എന്നുമാണ്.

4. എതിർകക്ഷി 09.04.2015-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹരജിക്കാരൻ നൽകിയ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള മുൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ശ്രീമതി. എസ്. എസ്. സുനിത കുമാരി, ലാൻഡ് റവന്യു കമ്മീഷണറുടെ 22.12.2014-ലെ ഉത്തരവ് പ്രകാരം പായം വില്ലേജ് ഓഫീസിൽ നിന്നും സ്ഥലം മാറ്റം നേടിപ്പോയിട്ടുള്ളതും തഹസിൽദാർ ഇരിട്ടി ടിയാളെ 01.01.2015 AN -ൽ വിടുതൽ ചെയ്തെന്നുമാണ്.

പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള 06.12.2014-ലെ 37/14-ാം നമ്പർ മറുപടി ശ്രീമതി. സുനിതാകുമാരി നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത വിവരങ്ങളും നിലവിലെ എസ്.പി.ഐ.ഒ നൽകിയ വിവരങ്ങളും അപേക്ഷകൻ ബന്ധപ്പെടുത്തിയിരിക്കുന്നുവെന്നും, നിലവിലെ എസ്.പി.ഐ.ഒ നൽകിയ വിവരങ്ങൾ സത്യസന്ധമാണെന്നും ശ്രീമതി. സുനിതാ കുമാരി നൽകിയ വിവരങ്ങൾ അപൂർണ്ണമാണെന്ന് കരുതുന്നതിനാൽ ടി കാര്യത്തിൽ ടിയാൾക്ക് മാത്രമെ മറുപടി നൽകുവാൻ സാധിക്കുകയുള്ളൂ എന്നുമാണ് ബോധിപ്പിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷി കളെയും കേട്ടതിലും, ഹർജിക്കാരന് പൂർണ്ണവും വ്യക്തവുമായ മറുപടി നൽകിയിട്ടി ല്ലെന്നു കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കു വാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 16**–ാം തീയതി താൽക്കാലികമായി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV